# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യു., തീയതി 28.04.2021

പ്രസിദ്ധീകരണത്തിന്

**അപേക്ഷകൾ സ്വയം സാക്ഷ്യപ്പെടുത്താം**

**ഒന്നാം** സെമസ്റ്റർ **ബിരുദ** (നവംബർ 2021) പരീക്ഷകൾക്ക് അപേക്ഷിക്കുന്ന **സപ്ലിമെന്ററി** പരീക്ഷാർഥികൾ അപേക്ഷകൾ സ്വയം സാക്ഷ്യപ്പെടുത്തി അയച്ചാൽ മതിയാകും. എന്നാൽ റെഗുലർ വിദ്യാർഥികളുടെ അപേക്ഷകൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി അയക്കേണ്ടതാണ്.

**സൂപ്പർഫൈനോട് കൂടെ അപേക്ഷിക്കാം**

**മൂന്നാം** വർഷ **വിദൂരവിദ്യാഭ്യാസ ബിരുദ** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് - 2011 അഡ്മിഷൻ മുതൽ), മാർച്ച് 2020 പരീക്ഷകൾക്ക് **₹720/-** രൂപ **സൂപ്പർഫൈനോട്** കൂടെ **ഓൺലൈനായി** അപേക്ഷിക്കാം. രജിസ്ട്രേഷൻ ലിങ്ക് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകളുടെ പകർപ്പും ചലാനും നേരിട്ടോ തപാൽ മാർഗമോ സർവകലാശാലയിൽ സമർപ്പിക്കണം.

**പരീക്ഷാവിജ്ഞാപനം**

അഫിലിയേറ്റഡ് കോളേജുകളിലെ **നാലും ആറും** സെമസ്റ്റർ **എം. സി. എ./ എം. സി. എ. ലാറ്ററൽ എൻട്രി** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് - മെയ് 2021) പരീക്ഷകൾ വിജ്ഞാപനം ചെയ്തു. **ആറാം** സെമസ്റ്റർ പരീക്ഷകൾക്ക് **04.05.2021** മുതൽ **06.05.2021** വരെയും **നാലാം** സെമസ്റ്റർ പരീക്ഷകൾക്ക് **05.05.2021** മുതൽ **07.05.2021** വരെയും പിഴയില്ലാതെ അപേക്ഷിക്കാം. **10.05.2021** വരെ പിഴയോടുകൂടെ പരീക്ഷകൾക്ക് അപേക്ഷിക്കാം. പരീക്ഷാവിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

**രണ്ടാം** സെമസ്റ്റർ **ബി. എ./ ബി. എ. അഫ്സൽ ഉൽ ഉലമ/ ബി. എസ്. ഡബ്ല്യൂ./ ബി. ടി. ടി. എം./ ബി. ബി. എം.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് - ഏപ്രിൽ 2020) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **13.05.2021** ന് വൈകുന്നേരം 5 മണി വരെ ഓൺലൈനായി അപേക്ഷിക്കാം.

ഒപ്പ്/-

**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**